പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1666 | 02.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| എല്ലാ സൗകര്യങ്ങളുമുള്ള അങ്കണവാടികളുടെ നിർമ്മാണം | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ആറു വയസ്സിനു താഴെപ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, വൃദ്ധർ എന്നിവരെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടു കൂടി എല്ലാ സൗകര്യങ്ങളും ഉള്ള 60 അങ്കണവാടികൾ നിർമ്മിക്കുന്നതിന് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു; | (എ) ആറു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, വൃദ്ധർ എന്നിവരെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടു കൂടി എല്ലാ സൗകര്യങ്ങളുമുള്ള 60 അങ്കണവാടികൾ നിർമ്മിക്കുന്നതിന് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 7 കോടി രൂപ വകയിരുത്തിയിരുന്നു. |
| (ബി) കെട്ടിടം നിർമ്മിക്കേണ്ട അങ്കണവാടികളുടെ പട്ടിക അംഗീകരിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കെട്ടിടം നിർമ്മിക്കേണ്ട 60 അങ്കണവാടികളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി എപ്രകാരമാണ് വിലയിരുത്തിയിരുന്നത്; | (സി) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറും ജില്ലാ പ്രോഗ്രാം ഓഫീസർമാരും എല്ലാ മാസവും സമർപ്പിക്കുന്ന കെട്ടിട നിർമ്മാണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നത്. |
| (ഡി) 42 അങ്കണവാടികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) ആദ്യഘട്ടമായി നടപ്പിലാക്കിയിട്ടുള്ള 42 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭഘട്ടത്തിലാണ്. വിശദ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ എന്തെങ്കിലും ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടോ; മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, പുളിക്കൽ അംഗനവാടി കെട്ടിടത്തിന്റെ പുരോഗതി പ്രത്യേകം വിശദമാക്കുമോ ? | (ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത്,തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ തമ്മിൽ ആശയക്കുഴപ്പം നിലനിൽക്കുന്നില്ല. മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (അങ്കണവാടി നം. 10), പുളിക്കൽ (അങ്കണവാടി നം.5) എന്നിവയുടെ കെട്ടിട നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനിയർക്ക് നൽകിയിട്ടുണ്ടെങ്കിലും നിർമ്മാണമാരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**